# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1772 | 10.03.2020-ൽ മറുപടിക്ക്

## പോലീസ് ഡ്രൈവറെ മർദ്ദിച്ചുവെന്ന പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | എ.ഡി.ജി.പി. സുദേഷ് കുമാറിന്റെ മകൾ എസ്.എ.പി. ബറ്റാലിയനിലെ ഡ്രൈവർ ഗവാസ്കറെ മർദ്ദിച്ചുവെന്ന പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | എ.ഡി.ജി.പി ശ്രീ.സുദേഷ് കുമാറിന്റെ മകൾ, തിരുവനന്തപുരം എസ്.എ.പി ബറ്റാലിയനിലെ ഡ്രൈവർ ഗവാസ്കറെ മർദ്ദിച്ചുവെന്നുള്ള പരാതിയിന്മേൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 645/2018 u/s 294(B), 332, 324 IPC കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും, ക്രൈം നമ്പർ 166/CB/TVPM/2018 പ്രകാരം അന്വേഷണം നടത്തി വരുന്നതും കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലുമാണ്. |
| (ബി) | നിലവിൽ ആരാണ് പ്രസ്തുത അന്വേഷണം നടത്തുന്നതെന്നറിയിക്കാമോ; | (ബി) | ആലപ്പുഴ ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ.പ്രശാന്തൻ കാണിയാണ് അന്വേഷണം നടത്തി വരുന്നത്. |
| (സി) | പരാതിക്ക് ആസ്പദമായ സംഭവം നടന്നിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തിയാക്കുന്നതിന് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | പഴുതടച്ചുള്ള സാഹചര്യ തെളിവുകളും, ശാസ്ത്രീയ തെളിവുകളും ശേഖരിച്ച് അന്വേഷണം പൂർത്തിയാക്കിയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനിൽ നിന്നും വിദഗ്ധ ഉപദേശം ലഭിച്ചതിനുശേഷവും അന്തിമ റിപ്പോർട്ട് കോടതിയിൽ താമസംവിനാ സമർപ്പിക്കുന്നതാണ്. |
| (ഡി) | ഇത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | നിർദ്ദേശം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ